## പതിമൂന്നാം കേരള നിയമസഭ
## പത്താം സമ്മേളനം

| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 4929 | 5.02.2014 ൽ മറുപടിയ്ക്ക് |
|---|---|
| കല്ല്യാശ്ശേരിയിലെ അംഗൻവാടികൾ | |
| ചോദ്യം | ഉത്തരം |
| ശ്രീ. റ്റി. വി. രാജേഷ് | ഡോ. എം.കെ.മുനീർ<br>(പഞ്ചായത്തും സാമൂഹ്യനീതിയും<br>വകുപ്പു മന്ത്രി) |
| (എ) ഭരണാനുമതി ലഭിച്ച കല്ല്യാശ്ശേരി നിയോജകമണ്ഡലത്തിലെ ചെറുതാഴം ഗ്രാമ പഞ്ചായത്തിലെ കുളപ്പുറത്ത് മാതൃകാ അംഗൻവാടിയുടെ നിർമ്മാണ പ്രവൃത്തി എപ്പോൾ ആരംഭിക്കാൻ കഴിയും; വിശദാംശം നൽകുമോ ; | (എ) കല്ല്യാശ്ശേരി നിയോജകമണ്ഡലത്തിലെ ചെറുതാഴം ഗ്രാമ പഞ്ചായത്തിലെ കുളപ്പുറത്ത് മാതൃകാ അംഗൻവാടി കെട്ടിടനിർമ്മാണ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. |
| (ബി) ഒരു നിയോജകമണ്ഡലത്തിൽ 5 അംഗൻവാടികൾ നവീകരിക്കുന്നതിന് ലക്ഷ്യമിട്ട് നബാർഡ് സഹായത്തോടെ നടപ്പിലാക്കുന്ന പദ്ധതി ആരംഭിച്ചിട്ടുണ്ടോ; എങ്കിൽ കല്ല്യാശ്ശേരി മണ്ഡലത്തിൽ ഏതൊക്കെ അംഗൻവാടികളെയാണ് ഉൾപ്പെടുത്തിയിട്ടുള്ളതെന്ന് അറിയിക്കുമോ? | (ബി) അംഗൻവാടിക്ക് കെട്ടിടം പണിയുന്നതിന് നബാർഡിന്റെ സഹായത്തോടെയുള്ള ആർഐഡിഎഫ് പദ്ധതി നിലവിലുണ്ട്. ആദ്യ ഘട്ടമായി 506 അംഗൻവാടി കെട്ടിടം നിർമ്മിക്കുന്നതിന് നബാർഡിന് ശുപാർശ സമർപ്പിച്ചിട്ടുണ്ട്. ഇതിൽ കല്ല്യാശ്ശേരി നിയോജക മണ്ഡലത്തിലെ ഏഴോം ഗ്രാമപഞ്ചായത്തിലെ സെന്റർ നമ്പർ 38, സെന്റർ നമ്പർ 48 എന്നിവ ഉൾപ്പെട്ടിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ